# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം


ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in & kauagmet@yahoo.co.in


കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

# പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 31/2018(62), വെള്ളിയാഴ്ച — തീയ്യതി 03.08.2018

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 04.08.2018 | 05.08.2018 | 06.08.2018 | 07.08.2018 | 08.08.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 8 | 6 | 16 | 8 | 20 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 6 | 6 | 6 | 6 | 6 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 250 | 250 | 250 | 250 |

**ആദ്യ രണ്ടു ദിവസങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. പിന്നീടുള്ള മൂന്നു ദിവസങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. നല്ല വെയിലുള്ള സമയത്ത് വിളകൾക്ക്, ആവശ്യമെങ്കിൽ മാത്രം രോഗകീടനാശിനികൾ തളിച്ചുക്കൊടുക്കാവുന്നതാണ്.**

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| നെല്ല് | കതിരു വരുന്ന പരുവം | ഓലചുരുട്ടിപ്പുഴു/ തണ്ടുതുരപ്പൻ | മൂടികെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുന്നതിനാൽ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. നെല്ലിലെ ഓലചുരുട്ടിപ്പുഴുവിന്റെയും തണ്ടുതുരപ്പന്റെയും ആക്രമണം നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് വീതം, ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പുകളിൽ കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| വാഴ | കുലയ്ക്കുന്ന പരുവം | എർവിനിയ റോട്ട് | തുടർച്ചയായ മഴ മൂലം, വാഴയിൽ എർവിനിയ റോട്ട് രോഗം കണാനിടയുണ്ട്. നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുക. വാഴത്തടത്തിൽ കുമ്മായം ഇടുന്നതും, നീർച്ചാലുകളിൽ ബ്ലീച്ചിങ്ങ് പൗഡർ ഇടുന്നതും നല്ലതാണ്. 20 ഗ്രാം സ്യൂഡോമോണാസ് ഫ്ളൂറസൻസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്ക വണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കുന്നത് രോഗപ്രതിരോധശേഷി വർധിപ്പിക്കും. രോഗം ബാധിച്ചാൽ 3 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്ക വണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കണം. ഇങ്ങനെ തയ്യാറാക്കിയ 20 ലിറ്റർ ലായനിയിൽ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ ചേർത്ത് തളിക്കുന്നത് കൂടുതൽ ഫലപ്രദമാകും. |
| പച്ചക്കറികൾ (പയർ) | കായ്ക്കുന്ന പരുവം | മുഞ്ഞ | പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി സോപ്പ് മിശ്രിതം തളിക്കുക. |
| മൃഗസംരക്ഷണം | അകിടുവീക്കം തടയാൻ പശുവിന്റെ അകിടും, കറവക്കാരന്റെ കൈകളും വൃത്തിയായി കഴുകിയതിനു ശേഷം കറവ ആരംഭിക്കുക. കറവക്കുശേഷം അകിട് അണുവിമുക്തമാക്കുന്നതിന് പൊട്ടാസ്യം പെർമാംഗനേറ്റ് ലായനി 1:1000 എന്ന അനുപാതത്തിൽ വെള്ളത്തിൽ ചേർത്ത് ഉപയോഗിക്കാവുന്നതാണ്. **(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | | |